എ.വൈ.ആർ

സൂറ-10

# യൂനുസ്

وَلَقَدْ أَهْلَكْنَا الْقُرُونَ مِن قَبْلِكُمْ لَمَّا ظَلَمُوا ۙ وَجَاءَتْهُمْ رُسُلُهُم بِالْبَيِّنَاتِ
وَمَا كَانُوا لِيُؤْمِنُوا ۚ كَذَٰلِكَ نَجْزِي الْقَوْمَ الْمُجْرِمِينَ ﴿١٣﴾

ثُمَّ جَعَلْنَاكُمْ خَلَائِفَ فِي الْأَرْضِ مِن بَعْدِهِمْ لِنَنظُرَ
كَيْفَ تَعْمَلُونَ ﴿١٤﴾

وَإِذَا تُتْلَىٰ عَلَيْهِمْ آيَاتُنَا بَيِّنَاتٍ ۙ قَالَ الَّذِينَ لَا يَرْجُونَ لِقَاءَنَا ائْتِ بِقُرْآنٍ
غَيْرِ هَٰذَا أَوْ بَدِّلْهُ ۚ قُلْ مَا يَكُونُ لِي أَنْ أُبَدِّلَهُ مِن تِلْقَاءِ نَفْسِي ۖ
إِنْ أَتَّبِعُ إِلَّا مَا يُوحَىٰ إِلَيَّ ۖ إِنِّي أَخَافُ إِنْ عَصَيْتُ رَبِّي عَذَابَ يَوْمٍ
عَظِيمٍ ﴿١٥﴾

قُل لَّوْ شَاءَ اللَّهُ مَا تَلَوْتُهُ عَلَيْكُمْ وَلَا أَدْرَاكُم بِهِ ۖ فَقَدْ لَبِثْتُ فِيكُمْ
عُمُرًا مِّن قَبْلِهِ ۚ أَفَلَا تَعْقِلُونَ ﴿١٦﴾

13 നിങ്ങൾക്കുമുമ്പ് നിരവധി വൻ സമുദായങ്ങളെ നാം നശിപ്പിച്ചിട്ടുണ്ട്; അവർ ധർമ ധിക്കാരം പ്രവർത്തിച്ചപ്പോൾ. തെളിഞ്ഞ ദൃഷ്ടാന്തങ്ങളുമായി ദൈവദൂതന്മാർ അവരെ സമീപിച്ചിരുന്നു. എന്നാൽ സത്യം കൈക്കൊള്ളുക അവരുടെ സ്വഭാവമായിരുന്നില്ല. ഈ വിധം തന്നെയാകുന്നു പാപികളായ ജനത്തിനു നാം പ്രതിഫലം നൽകാറുള്ളത്.

14 അനന്തരം അവർക്കു പിമ്പെ നാം നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കിയിരിക്കുന്നു; നിങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് കാണാൻ.

15 നമ്മുടെ സുവ്യക്തമായ സൂക്തങ്ങൾ ഓതിക്കേൾപ്പിച്ചാൽ, നമ്മെ കണ്ടുമുട്ടുമെന്ന് പ്രതീക്ഷിക്കാത്തവർ ഘോഷിക്കുകയായി; ഇതല്ലാത്ത മറ്റൊരു ഖുർആൻ കൊണ്ടുവരേണം. അല്ലെങ്കിൽ ഇതിൽ ചില ഭേദഗതികൾ വരുത്തേണം. പ്രവാചകൻ അവരോടു പറയുക: എന്റെ വകയായി അതിൽ ഭേദഗതി വരുത്താൻ ഞാനാളല്ല. എനിക്കു ലഭിക്കുന്ന ദിവ്യസന്ദേശത്തെ പിൻപറ്റുക മാത്രമാണ് എന്റെ ദൗത്യം. എന്റെ വിധാതാവിനെ ധിക്കരിച്ചുവെങ്കിൽ, ഘോരമായ ഒരു നാളിലെ ശിക്ഷയെ ഞാൻ ഭയപ്പെടുന്നു.

16 പ്രവാചകൻ പറയുക: അല്ലാഹു ഇഛിച്ചിരുന്നുവെങ്കിൽ ഞാൻ ഈ ഖുർആൻ നിങ്ങളെ ഓതിക്കേൾപ്പിക്കുമായിരുന്നില്ല. അതെക്കുറിച്ച് അവൻ നിങ്ങളെ അറിയിക്കുകയുമില്ലായിരുന്നു. ഞാനിതിനു മുമ്പ് കുറെകൊല്ലങ്ങൾ നിങ്ങൾക്കിടയിൽ വസിച്ചിട്ടുണ്ടല്ലോ. നിങ്ങൾ ബുദ്ധിപൂർവം ചിന്തിക്കാത്തതെന്ത്?

وَلَقَدْ أَهْلَكْنَا= തീർച്ചയായും നാം നശിപ്പിച്ചിട്ടുണ്ട് الْقُرُونَ= (വൻ) സമുദായങ്ങളെ, കാലഘട്ടങ്ങളെ مِن قَبْلِكُمْ= നിങ്ങൾക്കു മുമ്പ്
لَمَّا ظَلَمُوا= അവർ (ധർമ) ധിക്കാരം പ്രവർത്തിച്ചപ്പോൾ وَجَاءَتْهُمْ= അവർക്ക് വന്നു(സമീപിച്ചിട്ടുണ്ടായിരുന്നു)
رُسُلُهُم= അവരുടെ ദൈവദൂതന്മാർ بِالْبَيِّنَاتِ= തെളിവുകൾ കൊണ്ട്(തെളിഞ്ഞ ദൃഷ്ടാന്തങ്ങളുമായി)
وَمَا كَانُوا لِيُؤْمِنُوا= (എന്നാൽ സത്യം കൈക്കൊള്ളുക അവരുടെ സ്വഭാവമായിരുന്നില്ല) അവർ വിശ്വസിക്കാനുള്ളവർ ആയിരുന്നില്ല
كَذَٰلِكَ= ഈവിധം(തന്നെ)ആകുന്നു نَجْزِي= നാം പ്രതിഫലം നൽകുന്നു(നൽകാറുള്ളത്) الْقَوْمَ الْمُجْرِمِينَ= പാപികളായ ജനത്തിന്

അവർക്കു പിമ്പെ, ശേഷം =مِنۢ بَعۡدِهِمۡ ഭൂമിയിൽ =فِى ٱلۡأَرۡضِ പ്രതിനിധികൾ =خَلَٰٓئِفَ നിങ്ങളെ നാം ആക്കി =جَعَلۡنَٰكُمۡ അനന്തരം =ثُمَّ

നിങ്ങൾ പ്രവർത്തിക്കുന്നു(എന്ന്) =تَعۡمَلُونَ എങ്ങനെ =كَيۡفَ നാം നോക്കാൻ, കാണാൻ =لِنَنظُرَ

സുവ്യക്തമായ =بَيِّنَٰتٍ നമ്മുടെ സൂക്തങ്ങൾ(ഖുർആൻ) =ءَايَاتُنَا അവർക്ക് =عَلَيۡهِمۡ ഓതപ്പെട്ടാൽ(ഓതിക്കേൾപ്പിച്ചാൽ) =وَإِذَا تُتۡلَىٰ

നമ്മുടെ കണ്ടുമുട്ടൽ(നമ്മെ കണ്ടുമുട്ടുമെന്ന്) =لِقَآءَنَا പ്രതീക്ഷിക്കാത്തവർ പറഞ്ഞു (ഘോഷിക്കുകയായി) =قَالَ ٱلَّذِينَ لَا يَرۡجُونَ

ഇതല്ലാത്ത(മറ്റ്) =غَيۡرِ هَٰذَآ ഒരു ഖുർആൻ =بِقُرۡءَانٍ നീ കൊണ്ടുവരേണം =ٱئۡتِ

നീ (പ്രവാചകൻ അവരോട്) പറയുക =قُلۡ അല്ലെങ്കിൽ അതിനെ മാറ്റുക (ചില ഭേദഗതികൾ വരുത്തേണം) =أَوۡ بَدِّلۡهُۚ

ഞാൻ അതിനെ ഭേദഗതി ചെയ്യുക(ചെയ്യാൻ) =أَنۡ أُبَدِّلَهُۥ എന്റെ കാര്യമല്ല (ഞാനാളല്ല) =مَا يَكُونُ لِيٓ

ഞാൻ പിൻപറ്റുന്നില്ല(പിൻപറ്റുക മാത്രമാണ്) =إِنۡ أَتَّبِعُ എന്റെ ഭാഗത്തുനിന്ന്(വകയായി) =مِن تِلۡقَآيِٕ نَفۡسِيٓۖ

എന്നിലേക്ക് ബോധനം ചെയ്യപ്പെടുന്നത് അല്ലാതെ (എനിക്ക് ലഭിക്കുന്ന ദിവ്യസന്ദേശം) =إِلَّا مَا يُوحَىٰٓ إِلَيَّۖ

ഞാൻ എന്റെ വിധാതാവിനെ ധിക്കരിച്ചുവെങ്കിൽ =إِنۡ عَصَيۡتُ رَبِّى തീർച്ചയായും ഞാൻ ഭയപ്പെടുന്നു =إِنِّيٓ أَخَافُ

നീ(പ്രവാചകൻ) പറയുക =قُل ഘോരമായ ഒരു നാളിലെ =يَوۡمٍ عَظِيمٍ ശിക്ഷയെ =عَذَابَ

ഞാൻ അത് ഓതുമായിരുന്നില്ല (ഈ ഖുർആൻ ഓതിക്കേൾപ്പിക്കുമായിരുന്നില്ല) =مَا تَلَوۡتُهُۥ അല്ലാഹു ഇഛിച്ചുവെങ്കിൽ =لَّوۡ شَآءَ ٱللَّهُ

ഞാൻ വസിച്ചിട്ടുണ്ട് =فَقَدۡ لَبِثۡتُ ഇതെക്കുറിച്ച് =بِهِۦ അവൻ നിങ്ങളെ അറിയിക്കുകയും ഇല്ലായിരുന്നു =وَلَآ أَدۡرَىٰكُم നിങ്ങളെ =عَلَيۡكُمۡ

ഇതിനു(ഈ ഖുർആൻ ഓതുന്നതിനു) മുമ്പ് =مِّن قَبۡلِهِۦٓ (കുറെ) വയസുകൾ, വർഷങ്ങൾ =عُمُرًا നിങ്ങൾക്കിടയിൽ =فِيكُمۡ

നിങ്ങൾ ബുദ്ധിപൂർവം മനസ്സിലാക്കുന്നില്ലേ, ചിന്തിക്കാത്തത് എന്ത് =أَفَلَا تَعۡقِلُونَ

**13:** ഈ സൂക്തത്തിന്റെയും അടുത്ത സൂക്തത്തിന്റെയും സംബോധിതർ ഇത് വായിക്കുകയും കേൾക്കുകയും ചെയ്യുന്ന എല്ലാവരുമാണെങ്കിലും മുന്നിലുണ്ടായിരുന്നത് ഖുറൈശികളാണ്. നാശം തേടുന്നവർക്ക് ഉടനെ അതു വരാത്തത് അല്ലാഹുവിന് അതിന് സാധിക്കാത്തതുകൊണ്ടാണ് എന്ന് ഒരിക്കലും കരുതേണ്ട. ഇപ്പോഴുള്ള ജനതകൾക്കു മുമ്പ് എത്രയോ കെങ്കേമന്മാരായ ജനതകളെ അല്ലാഹു നശിപ്പിച്ചു കളഞ്ഞിട്ടുണ്ട്. കൊമ്പ്, തലമുറ, കാലം, നൂറ്റാണ്ട് തുടങ്ങിയ അർഥങ്ങളിലുപയോഗിക്കുന്ന قرن ന്റെ ബഹുവചനമാണ് قرون. അതതു കാലങ്ങളിലെ പ്രമുഖ ജനതകൾ എന്നാണ് ഈ സന്ദർഭത്തിൽ അർഥം.

أَهۡلَكۡنَا (നാം നശിപ്പിച്ചു) എന്നതിന് രണ്ട് അർഥമുണ്ട്. ഉന്മൂലനാശമാണ് ഒന്ന്. ക്ഷേമവും ശക്തിയും അന്തസ്സുമെല്ലാം നഷ്ടപ്പെടുത്തുകയും മറ്റുള്ളവർക്ക് കീഴടങ്ങുകയുമാണ് മറ്റൊന്ന്. ഇവിടെ രണ്ടർഥവും പ്രസക്തമാകുന്നു. രണ്ടു തരത്തിലുള്ള നാശവും നേരിടേണ്ടി വന്ന നിരവധി സമൂഹങ്ങൾ ചരിത്രത്തിൽ കടന്നുപോയിട്ടുണ്ട്. നൂഹ് നബിയുടെ ജനതയും ലൂത്ത് നബിയുടെ ജനതയും ഒന്നാമത്തേതിന് ഉദാഹരണമാണ്; ഇസ്രാഈല്യർ രണ്ടാമത്തേതിനും. ഒരു ജനത ഈ ഭൂമിയിൽ നിലനിൽക്കാനുള്ള അർഹത അവരുടെ അധാർമികമായ ചിന്താ-കർമങ്ങളിലൂടെ പൂർണമായി നഷ്ടപ്പെടുത്തി കഴിയുമ്പോൾ അല്ലാഹു അവരെ പൂർണമായി തുടച്ചുനീക്കുന്നു. നാശത്തിന്റെ മാർഗത്തിൽ പ്രയാണം ചെയ്യുന്നവരെ ക്ഷേമം നഷ്ടപ്പെടുത്തുക, ശക്തിസ്വാധീനങ്ങൾ ക്ഷയിപ്പിക്കുക, സ്വാതന്ത്ര്യം ഹനിക്കുക തുടങ്ങിയ ഭാഗിക നാശങ്ങളിലൂടെ പുനരാലോചനക്ക് പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇത്തരം ജനതകൾ അവരുടെ ചിന്തകളും കർമങ്ങളും ശുദ്ധീകരിക്കുന്ന മുറക്ക് വീണ്ടും ഉയിർത്തെഴുന്നേൽക്കുന്നു. അല്ലാത്തവർ കൂടുതൽ അധഃപതനത്തിലേക്കു ആണ്ടുപോകുന്നു. പ്രവാചകത്വ പരമ്പര അവസാനിച്ച ശേഷം ദുഷിച്ച സമൂഹങ്ങൾ നേരിടേണ്ടി വന്നിട്ടുള്ള നാശം ഏറിയകൂറും ഇത്തരത്തിലുള്ളതാണ്. ആധുനിക മുസ്‌ലിം സമൂഹവും ഇതുപോലുള്ള വിനാശത്തെ അഭിമുഖീകരിച്ചു കൊണ്ടിരിക്കുകയാണിന്ന്.

ഒരു ജനതയെയും അല്ലാഹു അന്യായമായി നശിപ്പിക്കുകയില്ല. നാശം അനിവാര്യമാക്കുന്ന കാരണങ്ങളുള്ളവരെ മാത്രമാണവൻ നശിപ്പിക്കുക. നാശം അനിവാര്യമാക്കുന്ന കാരണവും ന്യായവും വ്യക്തമായി ബോധ്യപ്പെടുത്തുകയും അതില്ലാതാക്കാൻ ഉപദേശിക്കുകയും ചെയ്തശേഷം ആ ഉപദേശങ്ങൾ തള്ളിക്കളഞ്ഞവരെ മാത്രമാണ് അല്ലാഹു നശിപ്പിക്കുന്നത്. നാശത്തിലേക്ക് നീങ്ങുന്ന സമൂഹങ്ങളെ ഉദ്ധരിക്കാൻ ആദ്യം പ്രവാചകന്മാരെ അയക്കുന്നു. പ്രവാചകന്മാരുടെ സന്ദേശം സ്വീകരിച്ച് സത്യവും ധർമവും ആചരിക്കാൻ സന്നദ്ധരാകുന്നവർ രക്ഷിക്കപ്പെടുന്നു. അതിനു വിസമ്മതിക്കുന്നവരെ ചിലപ്പോൾ ചെറിയ ശിക്ഷകൾകൊണ്ട് പരീക്ഷിക്കുന്നു. എന്നിട്ടും അസത്യത്തിന്റെയും അധർമത്തിന്റെയും അക്രമത്തിന്റെയും മാർഗത്തിലൂടെ ധിക്കാരപൂർവം മുന്നോട്ടു പോകുന്നവരാണ് അതിന്റെ അനിവാര്യതയായ സമ്പൂർണ നാശത്തിൽ പതിക്കുക. ഒരു ജനത ധർമനീതികളുടെ പരിധികൾ പൂർണമായി അതിക്രമിച്ചു കഴിഞ്ഞാൽ പിന്നെ സത്യവിശ്വാസം സ്വീകരിക്കുക അവരുടെ പ്രകൃതിക്കന്യമായിത്തീരുന്നു. ഈ അവസ്ഥയെയാണ് وَمَا كَانُواْ لِيُؤۡمِنُواْ എന്ന വാക്യത്തിലൂടെ വ്യക്തമാക്കുന്നത്. ما كان ليفعل എന്ന പ്രയോഗത്തിന്റെ ആശയം നേരത്തെ ഈ പ്രയോഗം വന്ന സ്ഥലങ്ങളിൽ വിവരിച്ചിട്ടുണ്ട്. സത്യത്തിലേക്ക് തിരിച്ചുവരാനുള്ള സർവസാധ്യതയും അസ്തമിക്കുമ്പോൾ ജനതകൾ നാശത്തിനവകാശികളാകുന്നു എന്നാണ് സൂചിപ്പിക്കുന്നത്. ആ സമൂഹത്തിന്റെ പൊതു വിശേഷണം തന്നെ مجرمون (പാപികൾ, കുറ്റവാളികൾ) എന്നാകുന്നു. കുറ്റങ്ങളുടെ സ്വാഭാവിക ഫലം ശിക്ഷ തന്നെ.

സാങ്കേതികാർഥത്തിൽ, അല്ലാഹുവിനാൽ തെരഞ്ഞെടുക്കപ്പെട്ട് നിയുക്തരാകുന്ന ദൂതന്മാരാണ് റസൂൽ. جَآءَتۡهُمۡ رُسُلُهُم (അവരുടെ ദൂതന്മാർ അവരെ സമീപിച്ചു) എന്നതിന്റെ വിവക്ഷ അവരിലേക്ക് അയക്കപ്പെട്ട പ്രവാചകന്മാർ അവരെ സമീപിച്ചു

എന്നാവാം. രണ്ടാമത്തെ വിവക്ഷ സ്വീകരിക്കുമ്പോൾ പ്രവാചകത്വ പരിസമാപ്തിക്ക് ശേഷമുള്ള സമൂഹങ്ങളെയും അതുൾക്കൊള്ളുന്നു. അന്ത്യപ്രവാചകനുശേഷം അദ്ദേഹത്തിന്റെ സമൂഹം മുഴുവൻ മറ്റുള്ളവർക്ക് ദൈവിക സന്ദേശത്തിന്റെ പ്രബോധകരാണ്. دعوة-പ്രബോധനം അഥവാ നന്മ കൽപിക്കലും തിന്മ വിരോധിക്കലും ധർമത്തിലേക്ക് ക്ഷണിക്കലും മുഹമ്മദീയ സമുദായത്തിന്റെ ബാധ്യതയാണെന്ന് ഖുർആൻ പ്രസ്താവിച്ചിട്ടുണ്ട്. ഇന്നത്തെ മുസ്‌ലിംകൾ ഈ ബാധ്യത നിറവേറ്റുന്നതിൽ വീഴ്ചവരുത്തുന്നുണ്ടാവാം. എങ്കിലും ദൈവിക സന്ദേശം കേൾക്കാനും ഗ്രഹിക്കാനും ഇന്ന് എല്ലാ ജനങ്ങൾക്കും സൗകര്യമുണ്ട്. അതിനാൽ പിൽക്കാലത്ത് വിനാശത്തിനിരയാകുന്നവരാരും ദൈവിക സന്ദേശത്തെയും ദൈവദൂതന്മാരെയും അറിയാത്തവരായിരിക്കുകയില്ല.

**14:** പൂർവകാലത്ത് നിരവധി സമുദായങ്ങൾ ഭാഗികമായും പൂർണമായും നശിച്ചുപോയിട്ടുണ്ടെന്ന് എല്ലാവർക്കുമറിയാം. അതിനുശേഷം ഇപ്പോൾ ഭൂമിയിലെ അവന്റെ പ്രാതിനിധ്യം അല്ലാഹു നിങ്ങളെ (ഇന്നുള്ളവരെ) ഏൽപിച്ചിരിക്കുകയാണ്. ഇല്ലായ്മയിൽനിന്ന് നിങ്ങളെ ഉളവാക്കി ഈ പ്രാതിനിധ്യം ഏൽപിച്ചുവെന്നത് അവന്റെ മഹത്തായ അനുഗ്രഹമാണ്. ദൈവിക പ്രാതിനിധ്യം ഏറ്റെടുത്ത നിങ്ങൾ അർഹിക്കുന്ന ഗൗരവത്തോടെ അതിന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റിക്കൊണ്ട് അല്ലാഹുവിനോട് നന്ദികാണിക്കണം. നിങ്ങൾ അവന്റെ പ്രാതിനിധ്യം യഥാവിധി നിർവഹിക്കുന്നുവോ എന്നു പരീക്ഷിക്കാനാണവൻ ഈ ഉത്തരവാദിത്വം ഏൽപിച്ചിരിക്കുന്നത്. അതുകൊണ്ട് അല്ലാഹു നൽകിയ ഈ അവസരം ഏറ്റം ഉചിതമായ രീതിയിൽ ഉപയോഗപ്പെടുത്തിക്കൊണ്ട് ശാശ്വതമായ സൗഭാഗ്യ ജീവിതം നേടാൻ പരിശ്രമിക്കുക. ഇല്ലെങ്കിൽ നശിച്ചുപോയ പൂർവ സമുദായങ്ങളുടെ ഗതി തന്നെ നിങ്ങൾക്കും വന്നുഭവിക്കും.

**15:** ഖുർആനോടുള്ള അവിശ്വാസികളുടെ സമീപനത്തെക്കുറിച്ചാണ് ഇവിടെ പറയുന്നത്. സുവ്യക്തമായ സൂക്തങ്ങൾ എന്നതുകൊണ്ടുദ്ദേശ്യം, പ്രവാചകത്വത്തെയും ദൈവത്തിന്റെ ഏകത്വത്തെയും പരലോകത്തെയും സ്ഥാപിക്കുന്ന മുൻ സൂക്തങ്ങളാണ്. ഈ ജീവിതം മാത്രമേ ജീവിതമുള്ളൂവെന്നും ഇനിയൊരു ഉയിർത്തെഴുന്നേൽപ്പോ വിചാരണയോ രക്ഷാ ശിക്ഷകളോ ഇല്ലെന്നും വിശ്വസിക്കുന്നവരാണ് ബഹുദൈവ വിശ്വാസികളും വിഗ്രഹാരാധകരും. ഉയിർത്തെഴുന്നേൽപ്പിലും പാരത്രിക രക്ഷാ ശിക്ഷകളിലും വിശ്വാസമില്ലാത്തതുകൊണ്ടാണവർ തങ്ങളുടെ ഭൗതിക താൽപര്യങ്ങൾക്കിണങ്ങാത്ത തത്ത്വങ്ങളെയും ധർമങ്ങളെയും നിഷേധിക്കാൻ ധൃഷ്ടരാകുന്നത്.

പ്രവാചകൻ ഖുർആൻ ഓതിക്കേൾപ്പിക്കുമ്പോൾ, ഇതല്ലാത്ത മറ്റൊരു ഖുർആൻ കൊണ്ടുവരണം, അല്ലെങ്കിൽ ഇതിൽ ചില ഭേദഗതികൾ വേണം എന്ന ഘോഷണത്തിന് രണ്ട് മാനങ്ങളുണ്ട്. ഒന്ന് നിഷേധവും പരിഹാസവുമാണ്. അതായത് ഈ ഖുർആൻ താൻ സ്വയം കെട്ടിച്ചമച്ചതാണെന്ന് ഞങ്ങൾക്കറിയാം. ഇനി ഇതുപോലെ വേറൊന്ന് രചിച്ചാട്ടെ, അല്ലെങ്കിൽ ഇതിൽ ചില പരിഷ്കരണങ്ങൾ വരുത്തി അവതരിപ്പിച്ചാട്ടെ. വലീദുബിൻ മുഗീറ, ആസ്ബ്നു വാഇൽ, അസ്‌വദ് ബിൻ മുത്വലിബ്, അസ്‌വദ് ബിൻ അബ്ദു യഗൂഥ്, ഹാരിസ്ബ്നു ഹൻഌ തുടങ്ങിയ ഖുറൈശി പ്രമുഖന്മാർ പ്രവാചകനെ ഈവിധം പരിഹസിച്ചിരുന്നുവെന്ന് ഇബ്നു അബ്ബാസ് പ്രസ്താവിച്ചിരിക്കുന്നു.

രണ്ടാമത്തെ മാനം നിഷേധവും ഒത്തുതീർപ്പുമാണ്. അതായത്, ഖുർആൻ അല്ലാഹുവിന്റെ വചനമൊന്നുമല്ല. തന്റെ തന്നെ സൃഷ്ടിയാണെന്ന് ഞങ്ങൾക്കറിയാം. എങ്കിലും ഞങ്ങളതു സ്വീകരിച്ചുകൊള്ളാം. അതിന് ഇപ്പോൾ ഓതുന്ന ഈ ഖുർആൻ ഉപേക്ഷിച്ച് ഞങ്ങളുടെ ബഹുദൈവാരാധനയെയും പാരമ്പര്യ സമ്പ്രദായങ്ങളെയും സാധൂകരിക്കുന്ന മറ്റൊരു ഖുർആൻ ഉണ്ടാക്കിക്കൊണ്ടുവരണം. ചുരുങ്ങിയപക്ഷം ഞങ്ങളുടെ ദൈവങ്ങളെയും കർമരീതികളെയും വിമർശിക്കുന്ന ഭാഗങ്ങൾ ഒഴിവാക്കുകയെങ്കിലും വേണം. എങ്കിൽ ഞങ്ങൾ നിന്നെ അംഗീകരിക്കാം. നമുക്ക് സമവായത്തിലേക്ക് നീങ്ങാം. ഖുർആനിനെ ഞങ്ങളുടെ വിശ്വാസങ്ങൾക്കും ആചാരങ്ങൾക്കുമുള്ള പ്രമാണമാക്കി മാറ്റുകയാണെങ്കിൽ അംഗീകരിക്കാം എന്ന് വേറൊരു വിധത്തിൽ പറയുകയാണവർ.

ഇത്തരം വീക്ഷണമുള്ളവർ ഇക്കാലത്തുമുണ്ട്. ബഹുദൈവ വിശ്വാസത്തോടും അവിശ്വാസത്തോടും പരലോക നിഷേധത്തോടുമൊക്കെയുള്ള ഖുർആന്റെ നിശിതമായ നിലപാടിനെ അസഹിഷ്ണുതയും തീവ്രവാദവുമായി അവർ വിലയിരുത്തുന്നു. ചിലർ അതിനെതിരെ കോടതികയറുക വരെ ചെയ്യുന്നുണ്ട്. കലർപ്പില്ലാത്ത ശുദ്ധ സത്യമാണ് ഖുർആൻ പറയുന്നത്. അതിനുവേണ്ടിയാണ് അതവതരിച്ചത്. സഹിഷ്ണുതയുടെ പേരിലായാലും സമവായത്തിന്റെ പേരിലായാലും കുറച്ച് അസത്യം ചേർക്കുമ്പോൾ അതശുദ്ധമാകുന്നു. രണ്ടും രണ്ടും നാല് എന്നതും രണ്ടും രണ്ടും പൂജ്യം എന്നതും ശരിയാണ് എന്നു പറയുന്നത് നിരർഥകമാണ്. മനുഷ്യർക്കിടയിൽ സഹിഷ്ണുതയും സൗഹാർദവും നല്ലതും ആവശ്യവുമാണ്. അതിനു ഏകദൈവ വിശ്വാസികൾ ബഹുദൈവത്വത്തെ സത്യപ്പെടുത്തുകയോ ബഹുദൈവ വിശ്വാസികൾ മറിച്ചോ ചെയ്യേണ്ട കാര്യമില്ല. രണ്ടു പക്ഷവും മറുപക്ഷത്തിന് അവരുടെ വിശ്വാസം നിലനിർത്താനും ആചരിക്കാനുമുള്ള അവകാശവും സ്വാതന്ത്ര്യവും വകവെച്ചു കൊടുക്കുകയാണ് സഹിഷ്ണുത. ആദർശങ്ങൾ പരസ്പരം അടിയറവെക്കുന്നത് ആദർശ വഞ്ചനയും നികൃഷ്ടമായ കീഴടങ്ങലുമാണ്. ഖുർആനെ പരാജയപ്പെടുത്താൻ ഖുറൈശികൾ പല മാർഗങ്ങളും അവലംബിച്ചിരുന്നു. ചിലപ്പോൾ മുഹമ്മദിനു ഭ്രാന്താണെന്നും ഖുർആൻ എന്ന പേരിൽ കേൾപ്പിക്കുന്നത് ഭ്രാന്തൻ ജൽപനങ്ങളാണെന്നും വാദിച്ചു. മുഹമ്മദ് മന്ത്രവാദിയാണെന്നും മാന്ത്രികവചനങ്ങളാണ് ഖുർആനെന്നും പറഞ്ഞു. ജിന്നിന്റെ സഹായത്താൽ ചമച്ച കാവ്യമാണ് ഖുർആൻ എന്നും വാദിച്ചുനോക്കി. ഇതൊക്കെ പൗരാണിക ഇതിഹാസങ്ങളാണെന്നും ചിലർ വിലയിരുത്തി. ഖുർആൻ മുഹമ്മദിന്റെ രചനയല്ലെങ്കിലും അല്ലാഹുവിൽനിന്നുള്ളതുമല്ല; പ്രത്യുത ഏതോ വിരുതന്മാർ മുഹമ്മദിനെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നതാണത് എന്നുമുണ്ടായിരുന്നു ആരോപണം. ഇത്തരം വാദങ്ങളുന്നയിക്കുന്നവർക്കു തന്നെ അതിലൊന്നും വിശ്വാസമുണ്ടായിരുന്നില്ല എന്നതാണ് വാസ്തവം. എങ്ങനെയെങ്കിലും ആളുകളെ ഖുർആനിൽ നിന്നകറ്റുകയായിരുന്നു അവർക്കാവശ്യം. അതിനുവേണ്ടി അവലംബിച്ച തന്ത്രങ്ങളൊന്നും വിജയം കാണാതായപ്പോൾ ഖുർആനെ അംഗീകരിച്ച് ഇസ്‌ലാമുമായി രാജിയാവുകയാണ് ഇനി നല്ലതെന്ന് അവർക്കുതോന്നി. അതുകൊണ്ട് ഖുർആനെ തങ്ങൾക്ക് അംഗീകരിക്കാവുന്ന വിധത്തിൽ പുനർനിർമിക്കുകയോ ഭേദപ്പെടുത്തുകയോ ചെയ്യുക എന്നാവശ്യപ്പെടുകയാണവർ.

ഈ രണ്ടുമാനങ്ങളിലും പൊതുവായിട്ടുള്ള 'ഖുർആൻ മുഹമ്മദിന്റെ രചനയാണ്, ദൈവിക വചനമല്ല' എന്ന കാതലായ ആശയത്തെ പ്രവാചകന്റെ നാവിലൂടെ ഖണ്ഡിക്കുകയാണ് തുടർന്നുള്ള വാക്യങ്ങൾ. നിങ്ങൾ വിചാരിക്കുന്നതുപോലെ ഖുർആൻ എന്റെ രചനയല്ല. നിങ്ങളാവശ്യപ്പെടുന്നതുപോലെ വേറൊരു ഖുർആൻ രചിക്കാൻ എനിക്കു കഴിയുകയുമില്ല. ഞാനീ ഖുർആനിൽ ഭേദഗതി വരുത്താനും പാടില്ല.

എനിക്കതിനവകാശവുമില്ല. അല്ലാഹു എനിക്ക് ബോധനം ചെയ്ത സന്ദേശം അതേപടി പിൻപറ്റുകയും പ്രബോധനം ചെയ്യുകയും മാത്രമാണ് എന്റെ ചുമതല. അതിൽ സ്വന്തം വക വല്ലതും കൂട്ടിച്ചേർക്കുകയോ വെട്ടിക്കളയുകയോ ചെയ്യുന്നത് ഉത്തരവാദിത്വ ലംഘനവും ദൈവധിക്കാരവുമാണ്. ദൈവിക വചനങ്ങളിൽ ഞാനായിട്ട് വല്ല ഭേദഗതിയും വരുത്തിയാൽ ഭയാനകമായ വിചാരണ നാളിൽ അല്ലാഹുവിന്റെ മുമ്പിൽ ഞാനെന്തു സമാധാനം ബോധിപ്പിക്കും?

**16:** മുൻ സൂക്തത്തിലെ ഖണ്ഡനം തുടരുകയാണ്: എന്റെ കാര്യം നിങ്ങൾ ബുദ്ധിപൂർവം ആലോചിച്ചു നോക്കാത്തതെന്താണ്? പെട്ടെന്നൊരുനാൾ നിങ്ങൾക്കിടയിൽ പ്രത്യക്ഷപ്പെട്ട ഒരന്യനല്ലല്ലോ ഞാൻ. ആയിരുന്നുവെങ്കിൽ എന്റെ ഭൂതകാലത്തെക്കുറിച്ചും സ്വഭാവചര്യകളെ കുറിച്ചും സത്യസന്ധതയെക്കുറിച്ചും ഉദ്ദേശ്യ ലക്ഷ്യങ്ങളെക്കുറിച്ചുമൊക്കെ സംശയങ്ങളുണ്ടാവുക സ്വാഭാവികമാണ്. പക്ഷേ, നിങ്ങൾക്കിടയിൽ ജനിച്ചു വളർന്നവനാണ് ഞാൻ. വലിയൊരായുസ്സ് - നാൽപതു കൊല്ലക്കാലം- ഞാൻ നിങ്ങൾക്കിടയിൽ തന്നെയാണ് കഴിഞ്ഞുകൂടിയത്. എന്റെ രഹസ്യ ജീവിതവും പരസ്യ ജീവിതവും നിങ്ങൾക്കറിയാം. എന്റെ സത്യസന്ധതയും സ്വഭാവശുദ്ധിയും നിങ്ങൾ മുക്തകണ്ഠം അംഗീകരിച്ചതാണ്. അൽ അമീൻ - അതിവിശ്വസ്തൻ- എന്ന അഭിധാനം നിങ്ങളാണെനിക്കു നൽകിയത്. എന്റെ നിഷ്കൃഷ്ടമായ നീതിനിഷ്ഠക്ക് നിങ്ങൾ നൽകിയ അംഗീകാരമാണ് കഅ്ബ പുനർനിർമാണ വേളയിൽ ഹജറുൽ അസ്വദ് യഥാസ്ഥാനത്തു പ്രതിഷ്ഠിക്കാൻ എന്നെ നിയോഗിച്ചത്. എന്റെ ഈ പ്രായത്തിനിടയിൽ ഒരിക്കൽപോലും ഞാൻ സ്ഥാനമാനങ്ങൾക്കോ സമ്പത്തിനോ വേണ്ടി കലഹിക്കുകയോ ആരെയെങ്കിലും വഞ്ചിക്കുകയോ ചെയ്ത ഒരു ഉദാഹരണവും നിങ്ങൾക്കു ചൂണ്ടിക്കാണിക്കാനാവില്ല. ഇങ്ങനെയുള്ള ഒരാൾ ഇത്രയും പ്രായവും പക്വതയും നേടിയശേഷം കുറെ വചനങ്ങൾ കെട്ടിച്ചമച്ച് അത് അല്ലാഹുവിന്റേതാണെന്ന് കള്ളം പറയുമെന്ന് കരുതുന്നത് യുക്തിസഹമാണോ?

ഒരു വ്യക്തിയുടെ സ്വഭാവ വിശേഷങ്ങളും പ്രതിഭയും കാമനകളും പ്രവണതകളുമെല്ലാം ഉരുവംകൊള്ളുന്നത് അയാളുടെ ബാല്യം മുതൽ യൗവനം വരെയുള്ള ജീവിതകാലത്താണ്. അക്കാലത്തൊന്നും നാമ്പിടാത്ത സ്വഭാവമോ പ്രവണതയോ പ്രതിഭയോ പിൽക്കാലത്ത് ഉളവായി വികസിക്കുകയില്ല. പ്രവാചകൻ സത്യവാനും ഖുർആൻ ദൈവികവും ആണെന്നതിന്റെ തെളിവായി അദ്ദേഹത്തിന്റെ പൂർവകാല ചരിത്രം ചൂണ്ടിക്കാണിക്കുന്നത് ഈയടിസ്ഥാനത്തിലാണ്. അദ്ദേഹം വ്യാജനോ സ്ഥാനമോഹിയോ ധനമോഹിയോ ആണെങ്കിൽ അത്തരം മോഹങ്ങളുടെയും വ്യാജ ആത്മീയതയുടെയും ലക്ഷണങ്ങൾ അദ്ദേഹത്തിന്റെ കൗമാര യൗവനങ്ങളിൽ ദൃശ്യമാകേണ്ടതായിരുന്നു. കവിയോ സാഹിത്യകാരനോ തത്ത്വചിന്തകനോ ആയിരുന്നെങ്കിൽ അതിന്റെ ലക്ഷണങ്ങളും അന്നേ കണ്ടുതുടങ്ങേണ്ടതായിരുന്നു. ഇത് ആധുനിക ശാസ്ത്രവും ഏറക്കുറെ അംഗീകരിക്കുന്ന കാര്യമാണ്. നാൽപതു വയസ്സുവരെ സത്യസന്ധനും സംസ്കാര സമ്പന്നനും സംശുദ്ധനുമായി ജീവിച്ച ഒരാൾ അതിനുശേഷം പെട്ടെന്നൊരുനാൾ മഹാ തിരുടനും വഞ്ചകനും സാമൂഹിക വിരുദ്ധനുമായി പ്രത്യക്ഷപ്പെടുക, നാൽപതു വയസ്സുവരെ വിദ്യാവിഹീനനും നിരക്ഷരനുമായി കഴിഞ്ഞു കൂടിയ വ്യക്തി അതിനുശേഷം പെട്ടെന്നൊരു ദിവസം മഹാവിജ്ഞനും തത്ത്വചിന്തകനും കവിയും സാഹിത്യകാരനുമൊക്കെയായി പ്രത്യക്ഷപ്പെടുക ഇതൊന്നും സംഭവ്യമായ കാര്യങ്ങളല്ല.

അനാഥനായി വളർന്നവനാണ് ഞാൻ. എന്നെ ആരും എഴുത്തും വായനയും പഠിപ്പിച്ചിട്ടില്ല. സ്വയം പഠിക്കാൻ അവസരമുണ്ടായിട്ടുമില്ല. നിരക്ഷരന്മാർ അവരുടെ ജീവിത പരിതസ്ഥിതികളിൽനിന്നു പഠിക്കുന്ന പരമ്പരാഗത വിശ്വാസങ്ങളും സമ്പ്രദായങ്ങളും മാത്രമേ ഞാനും പഠിച്ചിട്ടുള്ളൂ. അതും നിങ്ങൾക്കെല്ലാവർക്കും അറിയാവുന്നതാണ്. എന്നെപ്പോലുള്ള ഒരാൾക്ക് സ്വയം രചിക്കാവുന്നതാണ് ഞാനിപ്പോൾ നിങ്ങളെ കേൾപ്പിച്ചു കൊണ്ടിരിക്കുന്ന അലൗകിക സുന്ദരവും നിസ്തുല സാരഗർഭവുമായ വചനങ്ങളെന്ന് നിങ്ങളുടെ സാമാന്യ ബുദ്ധി സമ്മതിക്കുന്നുണ്ടോ? പിന്നെ എന്നെ ഏതോ വിരുതൻ വന്ന് പഠിപ്പിക്കുന്നതാണ് ഈ വചനങ്ങളെങ്കിൽ ആരാണാ വിരുതനെന്ന് പറയൂ. ഞാൻ രാപകൽ നിങ്ങൾക്കിടയിൽ തന്നെയാണല്ലോ. എന്റെയടുത്ത് ഒരു ഗുരു വന്നുപോകുന്നുണ്ടെങ്കിൽ അതു നിങ്ങൾ കാണാതിരിക്കുക സാധ്യമല്ല. ഇല്ല സുഹൃത്തുക്കളേ, നിങ്ങളുടെ ആരോപണങ്ങളൊന്നും ശരിയല്ല. എന്നിലൂടെ നിവർത്തിക്കപ്പെടുന്നത് അല്ലാഹുവിന്റെ ഇച്ഛ മാത്രമാണ്. എനിക്കതിൽ ഒരു കൈയുമില്ല; എന്നെ അവനതിനു നിമിത്തമാക്കി എന്നല്ലാതെ. എന്നെ നിങ്ങളിൽ പ്രവാചകനായി നിയോഗിക്കണമെന്നും ഞാൻ നിങ്ങളെ പ്രബോധനം ചെയ്യണമെന്നും അവന്റെ സന്ദേശമാകുന്ന ഖുർആൻ അറിയിക്കണമെന്നും അവൻ നിശ്ചയിച്ചിരുന്നില്ലെങ്കിൽ ഞാനിത് നിങ്ങൾക്ക് ഓതിത്തരുമായിരുന്നില്ല; നിങ്ങൾ ഇതെക്കുറിച്ചറിയുകയും ചെയ്യുമായിരുന്നില്ല. ഖുർആനിൽ ഭേദഗതി ആവശ്യപ്പെട്ടവർക്കുള്ള മറുപടി എന്ന നിലയിൽ لَّوْ شَآءَ ٱللَّهُ مَا تَلَوْتُهُۥ എന്ന വാക്യം ഇങ്ങനെയും വിശദീകരിക്കപ്പെട്ടിട്ടുണ്ട്: ഞാൻ നിങ്ങളെ കേൾപ്പിക്കണമെന്ന് അല്ലാഹു നിശ്ചയിച്ചിട്ടുള്ളതെന്താണോ അതു മാത്രമേ എനിക്ക് ഓതാൻ കഴിയൂ. അവനുദ്ദേശിക്കാത്ത യാതൊന്നും നിങ്ങളെ കേൾപ്പിക്കാൻ എനിക്കാവില്ല. درى (അറിഞ്ഞു) യുടെ സകർമകരൂപമാണ് أدرى. കർത്താവ് അല്ലാഹുവാണ്. ചില പണ്ഡിതന്മാർ مَا تَلَوْتُهُ (ഞാൻ ഓതുമായിരുന്നില്ല) എന്ന വാക്യത്തോട് സമരസപ്പെടുത്താൻ ഇതിനെ 'ഞാൻ അറിയിക്കുമായിരുന്നില്ല' എന്നും തർജമ ചെയ്യുന്നുണ്ട്. അല്ലാഹു അറിയിക്കുന്നതും പ്രവാചകനിലൂടെയാണ് എന്ന കാര്യം പരിഗണിക്കുമ്പോൾ ഈ അർഥകൽപനയും സാധുവാകുന്നു. പക്ഷേ, വ്യാകരണപരമായി അതിനു സാധുതയില്ല. ■